(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) പോലീസ് വകുപ്പിന് കീഴിൽ കമ്മ്യൂണിറ്റി സേഫ്റ്റി സ്ക്വാഡ് രൂപീകരിച്ചിട്ടില്ല.

നിയമവിരുദ്ധമായ ഓവർടേക്കിംഗും അനധികൃത പാർക്കിംഗും

147(5736) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെല്ലാം റോഡുകളിൽ ഇടതുവശത്തുകൂടിയുള്ള ഓവർടേക്കിംഗ് അനുവദിച്ചിട്ടുണ്ട് എന്ന് പറയാമോ ; ഇടതുഭാഗത്തോടുകൂടി ഓവർടേക്കിംഗ് അനുവദിക്കാത്ത റോഡുകളിൽ കഴിഞ്ഞ രണ്ട വർഷത്തിനിടയിൽ ഈ സാഹചര്യത്തിൽ ഉണ്ടായ അപകടങ്ങളുടെ എണ്ണം എത്രയാണെന്ന് പറയാമോ ;

(ബി) അനുവാദമില്ലാത്തയിടങ്ങളിൽ റോഡിൽ ഇടതുവശത്തോടുകൂടി ഓവർടേക്ക് ചെയ്യുന്നതുമൂലം അപകടങ്ങളുണ്ടാകുന്ന സംഭവങ്ങൾ ഹൈവേകളിലും പ്രധാന റോഡുകളിലും തിരക്കേറിയ മറ്റ് റോഡുകളിലും ആവർത്തിക്കുന്നതിനാൽ പ്രസ്തുത പ്രവണത അവസാനിപ്പിക്കാനും അപകടങ്ങൾ ഒഴിവാക്കാനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയുമാമോ ;

(സി) വാഹനം ഒരു റോഡിൽ നിന്നും മറ്റൊരു റോഡിലേക്ക് പ്രവേശിക്കുമ്പോൾ ഡ്രൈവറുടെ കാഴ്ച മറയ്ക്കുന്ന വിധത്തിൽ ജംഗ്ഷനുകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതുമൂലം ഒട്ടേറെ അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ പ്രസ്തുത സ്ഥലങ്ങളിൽ വാഹനം പാർക്ക് ചെയ്യുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ റോഡുകളിൽ ഇടതുവശത്തുകൂടിയുള്ള ഓവർടേക്കിംഗ് അനുവദിച്ചിട്ടില്ല. ഇടതുഭാഗത്തുകൂടി ഓവർടേക്കിംഗ് നടത്തിയതുമൂലം കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 17 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇടതു വശത്തുകൂടി ഓവർടേക്കിംഗ് നടത്തുന്ന വാഹനങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഹൈവേ പോലീസിന്റെയും സ്റ്റേഷൻ മൊബൈൽ പട്രോളിംഗുകളുടെയും ട്രാഫിക് പോലീസുദ്യോഗസ്ഥൻമാരുടെയും സഹായത്തോടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശക്തമായ വാഹന പരിശോധന നടത്തി ഇത്തരം പ്രവണത അവസാനിപ്പിക്കാനും, അപകടങ്ങൾ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന് പുറമേ, പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ സഹായത്തോടെ ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തി ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. നാലുനിര റോഡുകളിൽ ഇടതുവശം ചേർന്ന് വാഹനം ഓടിക്കുന്നതിനായി യാത്രക്കാർക്ക് അവബോധം നൽകുവാനും ഇടതുവശത്തുകൂടി ഓവർടേക്ക് ചെയ്യുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശം പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം അപകടങ്ങൾ ഒഴിവാക്കുവാൻ ജംഗ്ഷനുകളിൽ വാഹനം പാർക്ക് ചെയ്യുന്നത് നിയന്ത്രിച്ചും അനുവദനീയമായ സ്ഥലങ്ങളിൽ മാത്രം പാർക്കിംഗ് അനുവദിച്ചും അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾക്ക് ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും കേരള പോലീസ് ആക്ട് 2011-ലേയും എം.വി. ആക്ടിലേയും വിവിധ വകുപ്പുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

പന്തീരങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ

148(5737)ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സിറ്റി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പന്തീരങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പുതിയതായി രൂപീകരിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച ഒരു പഠനം നടത്തുവാൻ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായ ശേഷം മാത്രമേ പന്തീരങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.